## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3355      24-06-2013 ൽ മറുപടിക്ക്

### ഹോളോഗ്രാം മുദ്രകളുടെ അച്ചടിയും വിതരണവും

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | മദ്യക്കുപ്പികളിൽ പതിക്കാനുള്ള അതീവ സുരക്ഷാ ഹോളോഗ്രാം മുദ്രകളുടെ അച്ചടിയും വിതരണവുമായി ബന്ധപ്പെട്ട് ഗുരുതരമായ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ആരോപണത്തിന്റെ നിജസ്ഥിതി ബോദ്ധ്യപ്പെടുന്നതിന് നാളിതുവരെ വകുപ്പുതലത്തിൽ എടുത്തിട്ടുള്ള അന്വേഷണ നടപടികളുടെ വിശദാംശം അറിയിക്കുമോ; | (ബി) | കെ.എസ്.ബി.സി.-യും, സി-ഡിറ്റുമായി ഉണ്ടാക്കിയിട്ടുള്ള കരാറിന് വിരുദ്ധമായി, ടി ലേബൽ നിർമ്മാണം, ഹോളോഗ്രാഫി രംഗത്ത് മുൻപരിചയമില്ലാത്ത ഒരു സ്വകാര്യ കമ്പനിക്ക് നൽകിക്കൊണ്ട് സി-ഡിറ്റ് കരാറിലേർപ്പെട്ടതായുള്ള സി-ഡിറ്റിലെ തന്നെ ഒരു വിഭാഗം ജീവനക്കാരുടെ പരാതിയെക്കുറിച്ച് എക്സൈസ് വിജിലൻസ് ആഫീസർ അന്വേഷിച്ച്, കരാർ ലംഘനം നടന്നിട്ടുള്ളതായി തെളിഞ്ഞിട്ടുള്ളതാണ്. |
| (സി) | സംസ്ഥാനത്ത് നിന്നും ഹോളോഗ്രാം മുദ്രകളുടെ അച്ചടി മാറ്റി അന്യ സംസ്ഥാന കമ്പനികൾക്ക് നൽകുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; | (ഡി) | ബാധകമല്ല |
| (ഇ) | സർക്കാർ നിയന്ത്രണത്തിലുള്ള സി-ഡിറ്റിൽ നിന്നും അനുബന്ധ കരാർ മാറ്റുന്നതു സംബന്ധിച്ച അന്വേഷണത്തിന് തയ്യാറാകുമോ? | (ഇ) | സർക്കാർ നിയന്ത്രണത്തിലുള്ള സി-ഡിറ്റിൽ നിന്നും അനുബന്ധ കരാർ മാറ്റുന്നതു സംബന്ധിച്ച കാര്യത്തിൽ തീരുമാനമൊന്നുമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ